DESPATCHED On..21.5.2020

31/5/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No. 2561(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 13842/SIC-G7/2018

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീമതി അഞ്ജന പണിക്കർ,<br>തൊടിയിൽ വീട്,<br>പൊഴിക്കര, പരവൂർ,<br>കൊല്ലം – 691 301.** | **അപ്പീൽ ഹർജിക്കാരി** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡി.വൈ.എസ്.പി. (NRI Cell),<br>പോലീസ് ഹെഡ് ക്വാർട്ടേഴ്സ്,<br>ശാസ്തമംഗലം പി.ഒ.,<br>തിരുവനന്തപുരം – 695 010.<br><br>അപ്പീൽ അധികാരി &<br>പോലീസ് ഇൻസ്പെക്ടർ ജനറൽ,<br>തിരുവനന്തപുരം മേഖലാ പോലീസ്<br>ഐ.ജി.യുടെ കാര്യാലയം.** | **എതിർകക്ഷികൾ** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 22.08.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 15.09.2018 |
| ഒന്നാം അപ്പീൽ | 03.10.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.11.2018 |
| രണ്ടാം അപ്പീൽ | 28.11.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, 03.03.2018 നും 09.03.2018 നും ഇടയിൽ അപ്പീൽ ഹർജിക്കാരിയെ ആക്ഷേപിച്ചതിനെതിരെ ടി ഓഫീസിൽ ഒരു പരാതി നൽകി; ടി പരാതിയുടെ പകർപ്പ്, റിപ്പോർട്ടിന്റെ പകർപ്പ്, മൊഴികളുടെ പകർപ്പ്, മറ്റ് അനുബന്ധ രേഖകൾ ഒപ്പം മറ്റ് മൂന്ന് പരാതികളുടെയും റിപ്പോർട്ടിന്റെയും കോപ്പി, മൊഴിയുടെ പകർപ്പ് എന്നിവയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് വിവരം ലഭ്യ മാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. അപ്പീൽ ഹർജിക്കാരിയുടെ അപേക്ഷയിൽ പരാമർശിച്ചിരുന്ന പരാതികൾ ഈ ഓഫീസിൽ കൈകാര്യം ചെയ്ത ബന്ധപ്പെട്ട ബ്രാഞ്ചുകളിൽ നിന്നും/അധികാരികളിൽ നിന്നും വിവരം/രേഖകൾ പരിശോധിച്ചിട്ടുള്ളതും ഇപ്രകാരം ലഭ്യ മാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ 15.09.2013 തീയതി ടിയാരിക്ക് മറുപടി ലഭ്യമാക്കി എന്നുമാണ് ഒന്നാം എതിർകക്ഷി അറിയിച്ചത്.

4. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, തിരുവനന്ത പുരം റേഞ്ച് ഐ.ജി.പി.യുടെ ഓഫീസിൽ നിന്ന് ലഭിച്ച മറുപടിയിലാണ് പരാതി നിലനിൽ ക്കുന്നതായി കമ്മീഷന് ബോധ്യപ്പെടുന്നത്. അപ്പീൽ ഹർജിക്കാരി പോലീസ് ആസ്ഥാനത്ത് സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും യഥാവിധി മറുപടി നൽകിയതായി കാണുന്നു. ഈ സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരിയുടെ 2, 3, 4 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയും പകർപ്പുകളും ടിയാരിക്ക് ലഭ്യമാക്കുന്നതിനായി ടി ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം റേഞ്ച് ഐ.ജി.പി. യുടെ ഓഫീസിലെ എസ്.പി.ഐ.ഒ. ക്ക് ഈ ഉത്തരവ് കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ ഒന്നാം എതിർകക്ഷി അയച്ചു നൽകേണ്ടതും ഇത്തരത്തിൽ കമ്മീഷൻ ഉത്തരവ് ലഭിച്ച് 7 ദിവസ ത്തിനുള്ളിൽ മേൽ പരാമർശിത ചോദ്യങ്ങൾക്കുള്ള മറുപടി നേരിട്ട് അപ്പീൽ ഹർജിക്കാരിക്ക് നൽകേണ്ടതാണെന്ന് തിരുവനന്തപുരം റേഞ്ച് ഐ.ജി.പി.യുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**